| പതിനാലാം കേരള നിയമസഭ | |
|---|---|
| അഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.14 | 25/04/2017-ൽ മറുപടിക്ക് |
| സർക്കാർ വകുപ്പുകളിലെ അഴിമതി സംബന്ധിച്ച പഠനം | |
| ചോദ്യം | മറുപടി |
| ഡോ.എം.കെ.മുനീർ<br>ശ്രീ.പി.ഉബൈദുള്ള<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിവിധ സർക്കാർ വകുപ്പുകളിലെ അഴിമതിയുടെ തോത് നിർണ്ണയിക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗിന്റെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം വകുപ്പുകളെ അഴിമതിയുടെ തോത് അനുസരിച്ച് തരം തിരിച്ചിട്ടുണ്ട്.<br>(1) കാറ്റഗറി എ – 13 വകുപ്പുകൾ<br>(2) കാറ്റഗറി ബി – 12 വകുപ്പുകൾ<br>(3) കാറ്റഗറി സി – 12 വകുപ്പുകൾ<br>(4) കാറ്റഗറി ഡി – 12 വകുപ്പുകൾ<br>(5) കാറ്റഗറി ഇ – 12 വകുപ്പുകൾ<br>കാറ്റഗറി എ യിൽ ഉള്ള 13 വകുപ്പുകൾ സംസ്ഥാനത്തെ അഴിമതിയിൽ ഏറ്റവും മുൻപിലും മറ്റു വകുപ്പുകൾ മൊത്തം അഴിമതിയിൽ ആനുപാതികമായി കുറവും പങ്കാണ്. ഓരോ മൂന്നു മാസം കൂടുമ്പോഴും വകുപ്പുകൾ തിരിച്ചുള്ള അഴിമതിയുടെ തോത് കണ്ടുപിടിച്ച് നാലു പ്രാവശ്യം കേരള ആന്റി കറപ്ഷൻ ഇൻഡക്സ് ആയി പ്രസിദ്ധീകരിക്കാനാണ് പദ്ധതി. |
| (ബി) | എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ; | | |
| (സി) | അധികാര വികേന്ദ്രീകരണ നയമനുസരിച്ച് വികസന പ്രക്രിയയിൽ പ്രാഥമിക കടമ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് അഴിമതി കൂടുതലെന്ന കണ്ടെത്തലിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അത് അവസാനിപ്പിക്കാനുള്ള പ്രായോഗിക നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി നടക്കുന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് വിജിലൻസ് ഡയറക്ടർ 22 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് മുൻപായി തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി കുറയ്ക്കാനായി 'വിജിലന്റ് കേരള' എന്ന പേരിൽ ഒരു ശുപാർശയും തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ